## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4680 14.11.2019 -ൽ മറുപടിക്ക്**

**പൊതുമരാമത്ത് റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. എം. മുകേഷ്<br>ശ്രീ. പി. വി. അൻവർ | : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് റോഡുകളെ ഘട്ടം ഘട്ടമായി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും പുതിയ റോഡുകളുടെ നിർമ്മിതി അന്താരാഷ്ട്ര നിലവാരത്തിൽ നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | | (എ) പുതിയ കാലം - പുതിയ നിർമ്മാണം എന്ന മുദ്രാവാക്യമനുസരിച്ചുള്ള പ്രവൃത്തികൾ വകുപ്പിൽ നടപ്പിലാക്കി വരുന്നു. ദീർഘകാലം ഈടു നിൽക്കുന്ന രീതിയിലുള്ള ബി.എം. & ബി.സി.റോഡുകൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നുണ്ട്. 15 മുതൽ 20 വർഷം വരെ ഈടു നിൽക്കുന്ന വൈറ്റ് ടോപ്പിംഗ് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേക തരം പൾവറൈസറും ചേർത്ത് കുഴച്ച് ടി ഭാഗത്ത് തന്നെ ഇടുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തിട്ടുണ്ട്. ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ച് നടത്തിയ കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണ രീതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കാലാവസ്ഥാ |

വ്യതിയാനങ്ങളെ അതിജീവിക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ദേശീയ പാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്.

(ബി) റോഡ് കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും റോഡിനോട് ചേർന്ന് യാത്രക്കാർക്കും വാഹനങ്ങൾക്കും ഭീഷണിയായി സ്ഥാപിച്ചിരിക്കുന്ന അപകടകരമായ പരസ്യബോർഡുകൾ നീക്കം ചെയ്യുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) സ.ഉ.(കൈ) നമ്പർ 63/16/പൊ.മ.വ. തീയതി 03/09/2016 പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനും വേണ്ടി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ റോഡ് കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും റോഡിനോട് ചേർന്ന് യാത്രക്കാർക്കും വാഹനങ്ങൾക്കും ഭീഷണിയായി സ്ഥാപിച്ചിരിക്കുന്ന അപകടകരമായ പരസ്യബോർഡുകൾ നീക്കം ചെയ്യുന്നതിനും പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള എല്ലാ ആഫീസ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വകുപ്പിന് കീഴിലുള്ള അധികഭൂമി തിട്ടപ്പെടുത്തി അവ വികസിപ്പിച്ച് പാർക്കിംഗ് ഏരിയ, ടോയ് ലറ്റ് സൗകര്യങ്ങൾ, വിശ്രമകേന്ദ്രങ്ങൾ തുടങ്ങിയ വേ സൈഡ് അമിനിറ്റീസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് കീഴിലുള്ള അധിക ഭൂമി തിട്ടപ്പെടുത്തിയിട്ടുണ്ട്. ആയതിൽ വേസൈഡ് അമിനിറ്റീസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ അനധികൃത കൈയ്യേറ്റങ്ങൾ കണ്ടെത്തിയാൽ കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും, ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ഉപയോഗിച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ട്. പൊതുമരാമത്ത് ദേശീയപാതകളുടെ ഇരുപുറവും കൈയ്യേറിയിട്ടുള്ളതായി ബോധ്യപ്പെട്ടാൽ ഒഴിപ്പിക്കുന്നതിന് വകുപ്പ് തലത്തിൽ അതാത് പ്രദേശത്തെ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർക്ക് അധികാരമുണ്ട്.

**സെക്ഷൻ ഓഫീസർ**